# VIJNANABHAVAN - KOTHAMANGALAM
## FIRST SEMESTER EXAMINATION 2022 - 2023

STD VI | Time : 2 hrs.
16.10.2022 | Marks : 70

പേര് ..................................................................................

വീട്ടുപേര് ............................................................................

ഡിവിഷൻ ..........................................................................

| Written Exam | |
|---|---|
| 70 | |
| **Viva Exam** | |
| 20 | |
| **Total Marks** | |
| 90 | |

**ശരിയായ ഉത്തരത്തിന്റെ കോളത്തിൽ ☑ ചിഹ്നം രേഖപ്പെടുത്തുക.** (10 x 1 = 10)

1 ഈശോ തന്റെ മഹത്വം വെളിപ്പെടുത്തുന്നതിന് പ്രവർത്തിച്ച അടയാളങ്ങളുടെ ആരംഭം ഏതായിരുന്നു?

☐ അപ്പം വർദ്ധിപ്പിച്ചത് ☐ വെള്ളം വീഞ്ഞാക്കിയത് ☐ കുഷ്ഠരോഗിയെ സുഖപ്പെടുത്തിയത്

2 ചുങ്കക്കാരോടും പാപികളോടുമൊപ്പം ഈശോ ഭക്ഷണം കഴിച്ചതിനെ കുറ്റപ്പെടുത്തിയ ഫരിസേയരോടും നിയമജ്ഞരോടും പറഞ്ഞ ഉപമയാണ്.

☐ നഷ്ടപ്പെട്ട ആടിന്റെ ഉപമ ☐ ധൂർത്തപുത്രന്റെ ഉപമ ☐ ചുങ്കക്കാരന്റെയും പ്രീശന്റെയും ഉപമ

3 "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹായാണ്" എന്ന് പത്രോസ് ഏറ്റ് പറഞ്ഞത് എവിടെ വച്ചാണ്?

☐ ഗലീലിയ കടൽതീരത്ത് ☐ കേസറിയ ഫിലിപ്പി ☐ സിനഗോഗിൽ

4 ഈശോയുടെ പീഡാനുഭവപ്രവചനം രേഖപ്പെടുത്തിയ സുവിശേഷകനാണ്.

☐ വി. ലൂക്കാ ☐ വി. മത്തായി ☐ വി. യോഹന്നാൻ

5 ഈശോ പതിവായി പ്രാർത്ഥിക്കുവാൻ പോയിരുന്ന സ്ഥലമായിരുന്നു.

☐ താബോർ മല ☐ ഒലിവുമല ☐ ഗാഗുൽത്താമല

6 പീലാത്തോസിന്റെ മുൻപിൽ നിർത്തപ്പെട്ട ഈശോയ്ക്കെതിരെ എത്ര ആരോപണങ്ങളാണ് ഉന്നയിച്ചത്?

☐ നാല് ☐ മൂന്ന് ☐ രണ്ട്

7 ദ്രവ്യാഗ്രഹം എന്ന മൂലപാപത്തിനെതിരെ ആർജിക്കേണ്ട പുണ്യമാണ്.

☐ എളിമ ☐ ഔദാര്യം ☐ അടക്കം

8 പൗരസ്ത്യസുറിയാനി സഭയുടെ ആരാധനാവത്സരം ഇപ്പോഴത്തെ രീതിയിൽ ക്രമീകരിച്ചത് ആരാണ്?

☐ ഈശോയാബ് മൂന്നാമൻ ☐ യാക്കോബ് ☐ ഇറാനിമോസ്

9 ഉയിർപ്പുതിരുന്നാളിന് ഏഴാഴ്ച മുമ്പ് ആരംഭിക്കുന്ന നോമ്പുകാലത്തിന്റെ ആദ്യത്തെ ഞായറാഴ്ചയെ എന്താണ് വിളിക്കുന്നത്?

☐ പേത്തൂർത്താ ☐ വിഭൂതി ☐ ഉപവാസം

10 ആരാധനാവത്സരത്തിലെ ക്രിസ്തുവിന്റെ രണ്ടാമത്തെ ആഗമനരഹസ്യം ആഘോഷിക്കുന്ന കാലം ഏതാണ്?

☐ കൈത്താക്കാലം ☐ പള്ളിക്കൂദാശക്കാലം ☐ മൂശക്കാലം

**ഒറ്റവാക്കിൽ ഉത്തരമെഴുതുക.** (5 x 2 = 10)

11 "യാക്കോബിൽനിന്ന് ഒരു നക്ഷത്രം ഉദിക്കും ഇസ്രായേലിൽനിന്ന് ഒരു ചെങ്കോലുയരും" സംഖ്യ 24:17. ഈ പ്രവചനം ആരുടേതാണ്?

PTO

12 ദൈവിക പുണ്യങ്ങൾ ഏതെല്ലാം?

13 'മിശിഹാ' എന്ന വാക്കിന്റെ അർത്ഥം എന്താണ്?

14 അവസാനത്തെ പ്രവാചകൻ എന്നറിയപ്പെടുന്നത് ആരാണ്?

15 ദൈവകല്പനകളിൽ ഏഴാമത്തെ കല്പന ഏതാണ്?

**ചേരുംപടി ചേർക്കുക.** (5 x 1 = 5)

| A | | B |
|---|---|---|
| 16 ഉപവാസം | ........................ | ദൈവം പ്രകാശമാകുന്നു |
| 17 സുബാറ | ........................ | കൂടെ വസിക്കൽ |
| 18 'ദനഹാ' | ........................ | പരി. ത്രിത്വം |
| 19 മാമ്മോദീസ | ........................ | പ്രഖ്യാപനം |
| 20 ഏൽപ്പയ്യ | ........................ | സൂര്യോദയം |

**വചനം പൂർത്തിയാക്കുക.** (3 x 3 = 9)

21 "സാത്താനെ ദൂരെപ്പോവുക ..............................

..............................

..............................എന്ന് എഴുതപ്പെട്ടിരിക്കുന്നു" (മത്താ. 4:10).

22 "കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്..............................

..............................

.............................. അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്കാ 4:18).

23 "അങ്ങേയ്ക്കെതിരേ പാപം ..............................

..............................

.............................. സൂക്ഷിച്ചിരിക്കുന്നു" (സങ്കീ.119:11).

**ഉത്തരമെഴുതുക.** (4 x 4 = 16)

24 നോമ്പുകാലം നമുക്ക് നൽകുന്ന ആഹ്വാനം എന്താണ്?

25 മൗലിക സുകൃതങ്ങൾ എത്ര? ഏതെല്ലാം?

26 ദനഹാക്കാലത്തെ വെള്ളിയാഴ്ചകൾ ഏതെല്ലാം വിശുദ്ധരെയാണ് നാം അനുസ്മരിക്കുന്നത്?

27 വി. കുർബാനയിൽ ഈശോയുടെ കാൽവരിയാത്രയും കുരിശുമരണവും അനുസ്മരിക്കുന്നതെപ്പോഴാണ്?

**നോട്ടു കുറിക്കുക.** (4 x 5 = 20)

28 സഹനദാസനെക്കുറിച്ചുള്ള പഴയനിയമവചനങ്ങൾ ഈശോ എങ്ങനെ തന്നിൽ പൂർത്തിയാക്കി?

29 പൗരസ്ത്യ സുറിയാനി സഭയുടെ ആരാധനാവത്സരത്തെ എത്രയായി തിരിച്ചിരിക്കുന്നു? ഏതെല്ലാം?

30 ഈശോയുടെ വചനത്തിലും പ്രവൃത്തിയിലും സാന്നിദ്ധ്യത്തിലും ദൈവരാജ്യം മനുഷ്യർക്ക് പ്രത്യക്ഷമായതെങ്ങനെ?

31 മനുഷ്യാവതാരഫലങ്ങൾ ഏതെല്ലാമാണ്?